**അടിയന്തരപ്രമേയം**

**കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ**

മി. സ്പീക്കർ: ഏറ്റെടുത്ത സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് നഷ്ട പരിഹാരമായി നൽകുവാൻ നീക്കിവച്ച 25 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന് നൽകാത്തതിനെത്തുടർന്ന് കശുവണ്ടി വ്യവാസയ മേഖല നേരിടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ എ.എ. അസീസ്, പി.കെ. ഗുരുദാസൻ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരുപാട് കാലമായി ലീസിലുള്ള ഫാക്ടറികളുടെ കാലാവധി കഴിയുമ്പോൾ പിരീഡ് നീട്ടുകയും അവസാനം കോടതിവിധി പ്രകാരം അവർക്ക് തന്നെ വിട്ടുകൊടുക്കേണ്ടി വരുമെന്ന സ്ഥിതി വന്നപ്പോൾ 2009-ലെ ഗവൺമെന്റ് കോടതി വിധികളുടെ പശ്ചാത്തലം ഉൾക്കൊണ്ടുകൊണ്ട് ഉടമകൾക്കാവശ്യമായ പണം കൊടുത്തുകൊണ്ട് പൂർണ്ണമാക്കണമെന്നുള്ള തരത്തിൽ എന്നത്തേക്കുമായി ഈ പ്രശ്നം പരിഹരിക്കണമെന്നുള്ള നിലയിൽ നിയമഭേദഗതി കൊണ്ടുവന്നു. പക്ഷേ ഈ ആവശ്യത്തിനായി 2009-10, 2010-11 വർഷങ്ങളിൽ ആവശ്യമായ ഫണ്ടൊന്നും

നീക്കിവച്ചിട്ടില്ല. ജില്ലാകളക്ടറുടെ വാല്യുവേഷൻ കിട്ടിയതിനുശേഷം മാത്രമേ സർക്കാർ ഏറ്റെടുക്കുന്ന കശുവണ്ടി ഫാക്ടറികൾക്ക് നഷ്ടപരിഹാരം നൽകാൻ സാധിക്കുകയുള്ളു. ഇതിന്റെ തുകയും കാര്യങ്ങളുമൊക്കെ അപ്പോഴെ അറിയാൻ സാധിക്കുകയുള്ളു. ബഡ്ജറ്റിൽ ഇതിനായി തുക വക യിരുത്തിയിട്ടില്ലെങ്കിലും മന്ത്രിസഭയുടെ അനുമതിയോടെയോ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിലൂടെയോ ആവശ്യമായ തുക നൽകാവുന്നതാണ്. എല്ലാകാലത്തും കാഷ്യു കോർപ്പറേഷന് പണം നൽകുന്നതും അങ്ങനെതന്നെ യാണ്. കാരണം മറ്റ് മേഖലകളിൽ നിന്ന് വ്യത്യസ്തമായി ഒട്ടേറെ തൊഴിലാ ളികളുടെ പ്രശ്നങ്ങളൊക്കെ വരുന്നതുകൊണ്ട് ബഡ്ജറ്റിലുള്ള പ്രൊവിഷൻ നോക്കി വളരെ കർശനമായിട്ടൊന്നുമല്ല കശുവണ്ടി കോർപ്പറേഷന് പലപ്പോഴും പണം നൽകിയിട്ടുള്ളത്. താരതമ്യേന മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ ഫണ്ട് ഇത്തവണ കശുവണ്ടി കോർപ്പറേഷനും അതു പോലെ ഈ മേഖലയ്ക്കും വേണ്ടി നീക്കിവച്ചിട്ടുണ്ട്. 2009-10, 2010-11 വർഷങ്ങളിൽ അനുവദിച്ചതിനേക്കാൾ വളരെയധികം തുക വച്ചിട്ടുണ്ട്. അതു കൊണ്ട് ഫണ്ടിന്റെ പ്രശ്നം വരില്ല. ആവശ്യമായി വരുന്ന ഘട്ടത്തിൽ ഗവൺമെന്റ് ആവശ്യമായ ഫണ്ട് ഇതിന് ലഭ്യമാക്കും. ഇതിന് യാതൊരു ബുദ്ധിമുട്ടുമുണ്ടാക്കുകയില്ല. അതിനാൽ ഇന്നത്തെ സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്നുള്ള പ്രശ്നം വരുന്നില്ല. ജില്ലാകള്ടറുടെ നടപടികളു മായി മുന്നോട്ട് പോകുന്നുണ്ട്. കോടതി നടപടികൾ ശ്രദ്ധിക്കുന്നുണ്ട്. ഇപ്പോൾ കോർപ്പറേഷൻ ഈ കേസിൽ കക്ഷി ചേരാൻ തീരുമാനിച്ചിട്ടുണ്ട്. വക്കീലിനോട് സംസാരിച്ചപ്പോൾ ട്രേഡ് യൂണിയനുകളും കക്ഷി ചേരുന്നത് നല്ലതാണെന്ന് പറയുന്നുണ്ട്. ഫൈനലായി വരുമ്പോൾ പണം ഇല്ലാത്തതു

കൊണ്ട് ഫാക്ടറി വിട്ടുകൊടുക്കുന്നൂവെന്നുള്ള ഒരു സ്ഥിതി വരാൻ ഗവൺമെന്റ് അനുവദിക്കുകയില്ല. അതുകൊണ്ട് ഇത് ഇന്നത്തെ സഭാനടപടി കൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എ.എ. അസീസ്: സർ, വളരെ അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയമാണിത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതു പോലെയല്ല. ഒരിക്കൽ ഈ സ്ഥാപനം മുതലാളിമാർക്ക് വിട്ടുകൊടുക്കാൻ കോടതി വിധി വന്നതാണ്. ആ വിധിയെ മറികടക്കാൻ വേണ്ടിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കാഷ്യൂ ഫാക്ടറി അക്വിസിഷൻ (അമന്റ്മെന്റ്) ആക്ട് പാസ്സാക്കിയത്. കശുവണ്ടി വ്യവസായം അന്ന് ഒരു പ്രത്യേക വകുപ്പായി ശ്രീ. പി.കെ. ഗുരുദാസൻ കൈകാര്യം ചെയ്തിരുന്നതാണ്. അന്നത്തെ നിയമസഭയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇല്ലായി രുന്നു. ശ്രീ. കെ. എം. മാണിയും മുഖ്യമന്ത്രിയും ഉൾപ്പെടെയാണ് ഇത് പാസ്സാക്കിയത്. അതനുസരിച്ച് കൈവശമിരിക്കുന്ന ഫാക്ടറികൾ വീണ്ടും 5 കൊല്ലം കൂടി കൈവശം വയ്ക്കുന്നതിനും ആ കാലാവധിക്കുള്ളിൽ ഈ ഫാക്ടറികൾ നൊഗോഷ്യേറ്റ് ചെയ്ത് വിലയ്ക്കെടുക്കുന്നതിനും വേണ്ടിയാണ് 25 കോടി രൂപ ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിട്ടുള്ളത്. 3 ബഡ്ജറ്റ് കഴിഞ്ഞു, ഈ ഗവൺമെന്റ് വന്ന് രണ്ട് കൊല്ലം കഴിഞ്ഞു, ഇതിനായി ഒരു തുകയും ബഡ്ജറ്റിൽ വകയിരുത്തിയില്ല. അതിന്റെ ഫലമായി വ്യവസായികൾ വീണ്ടും കോടതിയിൽ പോയി. 20 വാടക ഫാക്ടറികളിൽ 32- കൊല്ലം കാഞ്ഞങ്ങാട്, 34- കൊട്ടാരക്കര ചെങ്ങമനാട്, 33- കടയ്ക്കൽ ചട യമംഗലം, കുന്നത്തൂർ നൂറനാട് ആലപ്പുഴ, കരിമുളയ്ക്കൽ ആലപ്പുഴ, എളംകൊള്ളൂർ കൊല്ലം, തെറ്റിക്കുഴി കൊല്ലം എന്നീ 8 വ്യവസായികൾ

കോടതിയിൽ കേസ് ഫയൽ ചെയ്തു. ആ കേസ്സിലാണ് ഇപ്പോൾ ട്രേഡ് യൂണിയൻകാർകൂടി കക്ഷിചേരാൻ തീരുമാനിച്ചിട്ടുള്ളത്. ആ കേസ്സിലും പഴയതുപോലെ മുതലാളിമാർക്ക് അനുകൂലമായ വിധി വന്നാൽ 20,000 കശുവണ്ടി തൊഴിലാളികൾ തെരുവിലാകപ്പെടും. 1969-70 കാലഘട്ട ത്തിലാണ് കശുവണ്ടി വികസന കോർപ്പറേഷനുണ്ടായതെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. അന്ന് വ്യവസായരംഗത്തു ണ്ടായിരുന്ന തങ്ങൾകുഞ്ഞ് മുസ്ലിയാർ, വെണ്ടർ കൃഷ്ണപിള്ള, എം.വി. ഗോവിന്ദനാശാൻ ഇ.സി. ഗോവിന്ദനാശാൻ, എം.പി. വാൾട്ടർ തുടങ്ങിയ സ്വകാര്യ വ്യവസായികൾ കൂട്ടത്തോടുകൂടി ഫാക്ടറികൾ അടച്ചുപൂട്ടി. ആ കാലഘട്ടത്തിലാണ് തൊഴിലാളികളെ സംരക്ഷിക്കാൻ പൊതുമേഖലാ സ്ഥാപനമെന്ന കശുവണ്ടി വികസന കോർപ്പറേഷനുണ്ടായത്. വീണ്ടും 1982-ൽ ഒരു പ്രതിസന്ധിയുണ്ടായപ്പോഴാണ് ശ്രീ. ഇ. അഹമ്മദ് സാഹിബ് വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 'കാപ്പെക്സ്' ഉണ്ടാക്കിയത്. അതും വ്യവസായ മേഖലയിൽ സ്വകാര്യ മുതലാളിമാരുണ്ടാക്കിയ കൃത്രിമ മായ സൃഷ്ടിയായിരുന്നു. തൊഴിലാളികളെ സംരക്ഷിക്കാൻ ഉണ്ടാക്കിയ കശുവണ്ടി വികസന കോർപ്പറേഷൻ, ആദ്യകാലഘട്ടത്തിൽ 34 ഫാക്ടറികളു ണ്ടായിരുന്നു. അതിൽ 4 ഫാക്ടറികൾ ഇതുപോലെ മുതാലാളിമാർ കേസ് പറഞ്ഞ് അവർക്ക് അനുകൂലമായ വിധി വന്നപ്പോൾ അന്ന് ഭരണത്തിലിരുന്ന യു.ഡി.എഫ്. പൊന്നുപോലെ അവർക്ക് വിട്ടുകൊടുത്തു. അതിന് കോടതി വിധിയാണെന്നാണ് കാരണം പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് പ്രൊക്യൂർമെന്റിനെ സംബന്ധിച്ച് - നാടൻ തോട്ടണ്ടി കുത്തക സംഭരണ

വിതരണ പദ്ധതി നടപ്പാക്കി. അതൊക്കെ എല്ലാവർക്കും അറിവുള്ള കാര്യമാണ്. ശ്രീമതി കെ.ആർ. ഗൗരിയമ്മ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ 36 ഫാക്ടറികൾ ഏറ്റെടുത്തു. കോടതി വിധി പ്രകാരം ആ 36 ഫാക്ടറികളും തിരിച്ചുകൊടുക്കേണ്ടി വന്നു. അന്നും യു.ഡി.എഫ്. ആണ് ഭരിച്ചത്. അതിനെ നിലനിറുത്താൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ ഇപ്പോൾ ഈ 20 വാടക ഫാക്ടറികൾ തിരിച്ചുകിട്ടുന്നതിനുവേണ്ടി വ്യവസായികൾ 2009-ൽ അവർക്കനുകൂലമായ കേസ് വന്നപ്പോഴാണ് ഇത് വിട്ടുകൊടുക്കാതിരിക്കാൻ ഈ ഫാക്ടറികളിലെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സമരം നടന്നത്. സെക്രട്ടേറിയറ്റിലും ഫാക്ടറി പടിക്കലും നിരാഹാര സത്യാഗ്രഹം നടത്തി. ഈ സമയത്താണ് ഫാക്ടറികൾ വിട്ടുകൊടുക്കാതിരിക്കാൻ വേണ്ടി അമെന്റ്മെന്റ് ആക്ട് പാസ്സാക്കിയത്. അതിലാണ് 25 കോടി രൂപ വകയിരുത്തിയത്. അങ്ങനെ ഫാക്ടറികൾ വിട്ടുകൊടുത്തില്ല. ഈ നിയമം പാസ്സാക്കിയതിന്റെ പേരിൽ ഫാക്ടറികളിലെ തൊഴിലാളികൾ പായസം വച്ച് വിളമ്പുകയും ചെയ്തു. ഇനിയും പ്രതിസന്ധിയില്ലായെന്ന തോന്നലാണ്. കോടതി വിധിവന്നാൽ എന്താണ് ചെയ്യുന്നത്? ഫാക്ടറികളിൽ സമരമായി. ഇന്ന് സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരളത്തിലെ 14 ജില്ലാ കളക്ടറേറ്റുകളിൽ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ആളുകൾ പിക്കറ്റുചെയ്യുകയാണ്. അതിൽ ഈ ആവശ്യവുംകൂടി ഉന്നയിക്കുന്നുണ്ട്. കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കാൻ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയില്ല. കോർപ്പറേഷൻ 36 ഫാക്ടറികൾ വിട്ടുകൊടുത്തപ്പോൾ കോടതി വിധിയുടെ മറവിൽ 4 ഫാക്ടറികൾ വിട്ടുകൊടുത്ത്, 11 കൊല്ലമായി

വിട്ടുകൊടുത്ത കൊട്ടാരക്കരയിലെ നെടുവത്തൂർ ഫാക്ടറി അടഞ്ഞുകിടക്കുകയാണ്. ഇതുവരെ തുറക്കാൻ കഴിഞ്ഞിട്ടില്ല. ഷഹാൻ അസ്സൻ മുസലിയാരുടെ ഫാക്ടറിയാണ്. ആ ഫാക്ടറി എങ്ങനെയെങ്കിലും തുറക്കാൻ വേണ്ടി ഞാൻ ഉൾപ്പെടെ ശ്രമം നടത്തിയതാണ്. ആ ഫാക്ടറി തുറക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ കോടതിയിൽ പോയിരിക്കുന്ന 8 മുതലാളിമാർ എല്ലാം ബിനാമികളാണ്. ഈ ഫാക്ടറി ഏറ്റെടുത്തുനടത്താൻ സാധിക്കുന്നവരല്ല. ഇവർ റിയൽ എസ്റ്റേറ്റുകാരാണ്. അല്ലാതെ ഉടമകളല്ല. ഈ അവസരത്തിൽ മുതലാളിമാർക്ക് അനുകൂലമായി ഈ ബഡ്ജറ്റിൽ തുക വകയിരുത്താതിരുന്നതിൽ ദുരൂഹതയുണ്ട്. കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഒരു സബ്മിഷനിലൂടെ ഈ പ്രശ്നം കൊണ്ടുവന്നതാണ്. അന്നത്തെ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത് ഇത് കോർപ്പറേഷനും ബോർഡും നോക്കുമെന്നാണ്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പ് ഇത് വളരെ ഗുരുതരമായ പ്രശ്നമാണെന്ന് ശ്രീ. കെ.എം. മാണിക്ക് ഞാൻ എഴുതികൊടുത്തതാണ്. ഈ പ്രശ്നത്തിന്മേൽ തുക വകയിരുത്തണം. ശ്രീ. കെ.എം. മാണി മുഖംതിരിഞ്ഞ് നിൽക്കുകയാണ് ചെയ്തത്. എനിക്ക് തോന്നുന്നത്, ശ്രീ. കെ.എം. മാണിയെ മുതലാളിമാർ സ്വാധീനിച്ചിട്ടുണ്ടാകുമെന്നാണ്. കശുവണ്ടി മുതലാളിമാർ കോടീശ്വരന്മാരാണ്, ആരേയും സ്വാധീനിക്കാൻ കഴിയുന്നവരാണ്. അവർ സ്വാധീനിച്ചതാണ്. നിരവധി കേസ്സുകളുമായി കോടതിയിൽ കയറിയിറങ്ങുന്ന ആളുകൾ ഒരുപക്ഷെ ശ്രീ. കെ.എം. മാണിയെ, വ്യവസായ വകുപ്പുമന്ത്രിയെ സ്വാധീനിച്ചില്ലായെന്ന് കരുതാൻ സാധ്യമല്ല. ആ തരത്തിലാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. കശുവണ്ടി വ്യവസായ രംഗത്ത് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പ്രസിഡന്റായ ഐ.എൻ.ടി.യു.സി. അവിടെ

പ്രവർത്തിക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ കക്ഷിക്കാരനാണ് കോർപ്പറേഷന്റെ ചെയർമാൻ ചന്ദ്രശേഖരൻ. അവിടെ പണിയെടുക്കുന്ന 25,000 ത്തോളം തൊഴിലാളികളെ മാത്രം ബാധിക്കുന്നതല്ല. നമ്മുടെ സംസ്ഥാനത്തെ 860 കശുവണ്ടി ഫാക്ടറികളിലായി 3 ലക്ഷം തൊഴിലാളികളെ ബാധിക്കുന്നുണ്ട്. 1970-74 കാലഘട്ടങ്ങളിൽ ഈ ഫാക്ടറികൾ സർക്കാർ ഏറ്റെടുക്കുമ്പോൾ കശുവണ്ടി വ്യവസായ രംഗത്ത് നിലനിന്നിരുന്ന അഴിമതിയും ചൂഷണവും അവസാനിപ്പിക്കുന്നതിനും ചട്ടപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകി നടത്തുന്നതിനും വേണ്ടിയാണ് പൊതുമേഖലയും സഹകരണമേഖലയുമെല്ലാം രൂപീകരിച്ചത്. അങ്ങനെ നടന്നുവരുന്ന ഈ പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നാൽ ഇന്നത്തേതിൽനിന്നും പതിന്മടങ്ങായി കൊടിയ ചൂഷണം സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികളിലുണ്ടാകും. ഇപ്പോൾത്തന്നെ കുടിവറുപ്പ്, വീടുകളിൽ വറുപ്പ്, ചട്ടിയിൽ വറുപ്പ് ഇവയെല്ലാം നടക്കുകയാണ്. കശുവണ്ടി വ്യവസായ മേഖലയിൽ ചൂഷണമുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും സമ്മതിച്ചതാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഇക്കാര്യം അത്ര ലഘുവല്ല, ചെറിയ കാര്യമല്ല. ഈ ഫാക്ടറികൾകൂടി മുതലാളിമാർക്ക് വിട്ടുകൊടുക്കാനുള്ള വിധി വന്നാൽ അവിടെ കത്തുന്ന സമരമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇപ്പോൾ 8 ഫാക്ടറികളാണ് കോടതിയിൽ പോയിരിക്കുന്നത്. കോടതിയുടെ വിധി വന്നാൽ ബാക്കിയുള്ള ഫാക്ടറികളും കോടതിയിൽ പോകും. ഈ ഫാക്ടറികൾ മുതലാളിമാർക്ക് വിട്ടുകൊടുക്കേണ്ടി വന്നാൽ മൂന്ന് ലക്ഷം തൊഴിലാളികളുടെ അതിശക്തമായ സമരത്തെ ഈ ഗവൺമെന്റിന് നേരിടേണ്ടി വരും. അതുകൊണ്ട് ഈ ഗുരുതരമായ പ്രശ്നം സഭ നിർത്തിവച്ച്

ചർച്ച ചെയ്യണം. 25 കോടി രൂപ അനുവദിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യുൾപ്പെടെ തയ്യാറാകണം. 3 വർഷം കഴിഞ്ഞിട്ടും കളക്ടറുടെ വാല്യുവേഷൻ കഴിഞ്ഞില്ല. വാല്യുവേഷൻ കഴിയുന്ന മുറയ്ക്ക്, കോടതി വിധി വരുന്നതിനുമുമ്പ് ............... ഒരു പക്ഷെ കോടതി വിധി വന്നാൽ ആ വിധിയെ നേരിടണമെങ്കിൽ ആ നിയമത്തിൽ പറഞ്ഞ 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണ്ടേ? ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞ 25 കോടി രൂപ മാണി സാർ കണ്ടില്ലെന്ന് നടിക്കുകയല്ലേ ചെയ്തത്? ഈ നിയമം പാസ്സാകുമ്പോൾ വ്യവസായ വകുപ്പുമന്ത്രി അന്നത്തെ നിയമസഭയിൽ ഇല്ലായിരുന്നു. ശ്രീ. കെ. എം. മാണിയും ശ്രീ. ഉമ്മൻ ചാണ്ടിയുംകൂടി ചേർന്ന് പാസ്സാക്കിയതാണ് ഈ നിയമം. അതുകൊണ്ട് ബോധപൂർവ്വമാണ് ഈ തുക അനുവദിക്കാതിരിക്കുന്നത്. ഇതിന്റെ പിന്നിൽ അഴിമതിയുണ്ടെന്നാണ് കശുവണ്ടി തൊഴിലാളികളും കശുവണ്ടി മേഖലയും കരുതുന്നത്. അതിന് അനുവദിക്കില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ.. കുഞ്ഞാലിക്കുട്ടി): സർ, ഫണ്ട് കൊടുക്കാത്തതിൽ ദുരുദ്ദേശ മുണ്ട് എന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ നിയമം 2009-ൽ പാസ്സാക്കിയതിനുശേഷം 2009-10-ലും 2010-11-ലും ബഡ്ജറ്റിൽ തുക വക യിരുത്തിയിട്ടില്ല. ആ രണ്ട് വർഷങ്ങളിലും നിങ്ങൾക്ക് തുക വകയിരുത്താമാ യിരുന്നില്ലേ? അന്ന് വകയിരുത്തിയിരുന്നെങ്കിൽ അത് ഇപ്പോഴും ആവർത്തി

ക്കുമായിരുന്നു. അന്ന് പണം വകയിരുത്താതെ ഇപ്പോൾ പണം വകയിരുത്തിയില്ല എന്ന് പറഞ്ഞ് ബഹളമുണ്ടാക്കാനും ഇത് സംബന്ധിച്ച് വ്യാപകമായ പ്രചരണമുണ്ടാക്കാനുംവേണ്ടി എന്തെങ്കിലും പറയുകയാണ്. പറയുമ്പോൾ നാലാളുകൾ കേട്ടാൽ അതിൽ എന്തെങ്കിലും വസ്തുത വേണ്ടേ? ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അന്നത്തെ നിയമസഭയിലുണ്ടായിരുന്നു. അദ്ദേഹത്തിന് കാര്യങ്ങൾ അറിയാം. ആവശ്യമായ സമയത്ത് പണം കൊടുക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. കശുവണ്ടി ഫാക്ടറികളുടെ അക്വിസിഷനുവേണ്ടി കൊടുക്കാൻ പണമില്ലാത്തതുകൊണ്ട് ഫാക്ടറി വിട്ടുകൊടുക്കേണ്ട സ്ഥിതിവിശേഷം ഉണ്ടാവുകയില്ലെന്ന് ഞാൻ ഉറപ്പുപറയുന്നു. അതിനുവേണ്ടി സമരത്തിന്റെ ആവശ്യമില്ല. ഫാക്ടറികൾ പൂട്ടാതിരിക്കാൻവേണ്ടി 100 കോടി രൂപ യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്ത ചരിത്രമുണ്ട്. പിന്നെയാണോ ഫാക്ടറികൾ വിട്ടുകൊടുക്കാതിരിക്കാൻവേണ്ടി 25 കോടി രൂപ കൊടുക്കുന്നത്. അങ്ങനെയൊരു പ്രശ്നവുമില്ല. അങ്ങനെ വന്നാൽ ആ പണം ഗവൺമെന്റ് കൊടുക്കും.

<u>ശ്രീ. എ.എ. അസീസ്</u>: സർ, രണ്ടുപ്രാവശ്യം കോടതി വിധി വന്നപ്പോഴും അങ്ങ് വിട്ടുകൊടുക്കുകയല്ലേ ചെയ്തത്? 4 ഫാക്ടറികളുടെ മുതലാളിമാർക്കനുകൂലമായി വിധി വന്നപ്പോഴും 36 ഫാക്ടറികളുടെ മുതലാളിമാർക്കനുകൂലമായി വിധി വന്നപ്പോഴും നിങ്ങൾ നിയമം പാസ്സാക്കിയില്ല, പണം ബഡ്ജറ്റിൽ വകയിരുത്തിയില്ല. അത് പൊന്നുപോലെ മുതലാളിമാർക്ക് തിരിച്ചുകൊടുക്കുകയല്ലേ ചെയ്തത്?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, കേരളം ഭരിച്ചത് യു.ഡി.എഫ് ഗവൺമെന്റ് മാത്രമല്ല. ഇത് ഏറ്റെടുത്തത് 1974-ൽ ആണ്. അതിനുശേഷം മാറി മാറി അധികാരത്തിൽ വന്ന ഗവൺമെന്റുകൾ കാര്യങ്ങൾ പ്രോപ്പറായി ചെയ്യാത്തതുകൊണ്ടാണ് ഇപ്പോൾ ഈ സ്ഥിതി വന്നത്. ഇപ്പോൾ അഭിമാന പൂർവ്വം ഈ തുക വകയിരുത്തണമെന്ന് പറയുന്നത് 4 ശതമാനം പലിശയോ ടുകൂടി മുതലാളിമാരുടെ പണം കൊടുക്കാൻവേണ്ടിയാണ്. അത്ര അഭിമാനക രമായ പൊസിഷൻ ഈ സഭയെ സംബന്ധിച്ചിടത്താളം മാറി മാറി വന്ന ഗവൺമെന്റുകളുടെ നടപടിക്കില്ല. കാരണം ...........

ശ്രീ. പി. കെ. ഗുരുദാസൻ: സർ, അന്ന് റിക്വിസഷൻ ആക്ടായിരുന്നു. അതനുസരിച്ചാണ് ഫാക്ടറി ഏറ്റെടുത്തത്. റിക്വിസിഷൻ ആക്ട് 5 വർഷം കഴിയുമ്പോൾ അവസാനിക്കും. അതുകൊണ്ടാണ് 2002-ൽ അങ്ങയെ വന്നു കണ്ട് നിയമം ഭേദഗതി ചെയ്യണമെന്ന് പറഞ്ഞത്. പക്ഷേ അങ്ങും ശ്രീ. എ.കെ. ആന്റണിയും സമ്മതിച്ചില്ല. 4 ഫാക്ടറികൾ മുതലാളിമാർക്ക് വിട്ടുകൊടുത്തു. അതിനുശേഷം 30 ഫാക്ടറികളിൽ 2 എണ്ണം 2009-ൽ മുതലാളിമാർക്ക് കൊടുക്കാനായി കോടതി വിധിയായി. ആ പശ്ചാത്തലത്തിലാണ് 2009-ൽ നിയമം പാസ്സാക്കിയത്. ആ നിയമം പാസ്സാക്കുന്നതിനുമുമ്പ് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരവും പാസ്സാക്കിയതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെയും രാഷ്ട്രപതിയുടെയും അംഗീകാരവും വേണ്ടിവന്നു. 2010 സെപ്റ്റംബറിലാണ് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്.

അതുകൊണ്ട് അന്നത്തെ ഗവൺമെന്റിന് അത് നടപ്പിലാക്കാൻ കഴിയുമായിരുന്നില്ല. അതാണ് വസ്തുത.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, നിങ്ങളുടെ കാലത്തും മറ്റു ഗവൺമെന്റുകളുടെ കാലത്തും കുറച്ചു കാലതാമസം ഉണ്ടായി. അങ്ങനെ നീണ്ടുനീണ്ടു പോയി. ഓരോ ഭേദഗതിയും കൊണ്ടുവന്ന് കാലാവധി നീട്ടുകയാണ് ചെയ്യുന്നത്. ഇപ്പോഴാണ് കോമ്പൻസേഷൻ കൊടുത്ത് ഏറ്റെടുക്കുക എന്ന ആശയം വന്നത്. അതാണ് 2009-ലെ നിയമം. ഇപ്പോൾ മുതലാളിമാരുടെ പണം 4 ശതമാനം പലിശയോടുകൂടി കൊടുത്ത് പ്രോപ്പറായി ഈ പ്രശ്നം പരിഹരിക്കാമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. അക്കാര്യത്തിൽ ആർക്കും വിയോജിപ്പില്ല. ആ നിലയിൽതന്നെ നടപടികൾ സ്വീകരിക്കാം. യാതൊരു ഭയപ്പാടും ഇതിനെ സംബന്ധിച്ച് ആവശ്യമില്ല. ഈ നിയമം ഭേദഗതിയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് നിശ്ചയിക്കുന്ന വില കൊടുത്ത് കശുവണ്ടി ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽത്തന്നെ നിലനിർത്തും. തൊഴിലാളികളുടെ പൊതുവായ ഗുണത്തിന് കശുവണ്ടി ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽതന്നെ നിൽക്കുന്നതാണ് നല്ലത്. മുതലാളിമാരുടെ കയ്യിൽപ്പോയാൽ ചൂഷണമുണ്ടാകും. ആ കാഴ്ചപ്പാട് തന്നെയാണ് ഗവൺമെന്റിനുള്ളത്. ഇനി ഫാക്ടറികൾ വിട്ടുകൊടുക്കുകയില്ല. കഴിഞ്ഞത് കഴിഞ്ഞു, അതിന്റെ ചരിത്രം പറഞ്ഞാൽ 10-15 വർഷത്തെ ചരിത്രമുണ്ട്. അതുകൊണ്ട് 20 ഫാക്ടറികൾ മുതലാളിമാർക്ക് വിട്ടുകൊടുക്കാതിരിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കാം. അതിനുവേണ്ടിയുള്ള പണം ആവശ്യമായ ഘട്ടത്തിൽ നൽകാം. ഒരു വർഷം നിങ്ങൾ കൊടുത്തു, രണ്ട് വർഷം നമ്മൾ കൊടുത്തില്ല

എന്ന് പറഞ്ഞിരുന്നിട്ട് കാര്യമില്ല. വേഗം നടപടിക്രമങ്ങൾ പൂർത്തിയാക്കി ആവശ്യമായ ഫണ്ട് പ്രൊവൈഡ് ചെയ്യുന്നതാണ്. അതുകൊണ്ട് സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട സ്ഥിതിയില്ല എന്നത് ഇതിൽനിന്നും വളരെ വ്യക്തമാണ്.

മി. ചെയർമാൻ: മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഗവൺമെന്റ് കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ള, ഏതൊരു ഗവൺമെന്റും കൊടുക്കേണ്ടതായി ട്ടുള്ള തുക, രാഷ്ട്രപതിയുടെയും കേന്ദ്രഗവൺമെന്റിന്റെയും അംഗീകാര മുള്ള ഒരു നിയമത്തിന് അതനുസരിച്ചുള്ള നടപടി സ്വീകരിക്കുമെന്നുതന്നെ യാണോ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽനിന്ന് മനസ്സിലാക്കേണ്ടത്. മുപ്പതി നായിരത്തോളം തൊഴിലാളികൾ അനാഥമാകുന്ന സ്ഥിതിയുണ്ടാകില്ല എന്നു തന്നെ കരുതാമോ? എന്താണ് അങ്ങ് പറഞ്ഞതെന്നുള്ളത് അവസാനം ശ്രദ്ധിച്ചുകേട്ടിട്ടും ഒരു വ്യക്തത വന്നില്ല. അതുകൊണ്ടാണ് ഞാൻ വീണ്ടും ചോദിക്കുന്നത്.

ശ്രീ. പി.കെ.. കുഞ്ഞാലിക്കുട്ടി: കളക്ടർ നിശ്ചയിക്കുന്ന പണം ഈ ഗവൺമെന്റ് കൊടുക്കുകതന്നെ ചെയ്യും. കശുവണ്ടി വികസന കോർപ്പറേ ഷന് ബഡ്ജറ്റ് പ്രൊവിഷൻ കുറവാണെങ്കിലും ഇത് സാമൂഹികമായ വിഷയ മാണെന്ന് കണക്കാക്കി ബഡ്ജറ്റ് പ്രൊവിഷൻ നോക്കാതെ ആവശ്യമുള്ള ഫണ്ട് നൽകാം. യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഡ്ജറ്റിലെ പ്രൊവിഷൻ കുറവായി കാണേണ്ടതില്ല. ഇത് മുൻഗണന നൽകി ചെയ്യേണ്ട കാര്യമായതി നാൽ അത് ചെയ്യുമെന്ന കാര്യത്തിൽ സംശയം വേണ്ട.